പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം. 830

14.01.2021-ൽ മറുപടിയ്ക്ക്

**അക്കാമ്മ ചെറിയാൻ സാംസ്കാരിക സമുച്ചയം**

**ചോദ്യം**

ശ്രീമതി ഇ.എസ്. ബിജിമോൾ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

എ) പീരുമേട് നിയോജക മണ്ഡലത്തിൽ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള അക്കാമ്മ ചെറിയാൻ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) പ്രസ്തുത പദ്ധതിയുടെ തത്സ്ഥിതി വ്യക്തമാക്കുമോ?

എ) & ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിൻ പ്രകാരം, ഇടുക്കി ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായുള്ള പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/185pt, 186 pt, 197pt, 200pt, 201pt എന്നിവയിൽപ്പെട്ട 2.0841 ഹെക്ടർ വസ്തുവിൽ 4.31 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽ നിലനിർത്തി കൊണ്ട് തന്നെ സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി കൊണ്ട് 05.03.2018 -ലെ സ.ഉ.(കൈ) നമ്പർ 81/2018/റവ പ്രകാരം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും, പ്രസ്തുത ഭൂമിയിൽ ബൃഹത്തായ നിർമ്മിതികൾക്ക് അനുയോജ്യമല്ലെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് ഒഴിവാക്കുകയും ചെയ്യുകയുണ്ടായി, അയതിന് ശേഷം ടി സാംസ്കാരിക സമുച്ചയത്തിന് അനുയോജ്യമായ സർക്കാർ ഭൂമിയുടെ അഭാവത്തിൽ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഏലപ്പാറ വില്ലേജിൽ സർവ്വേ നമ്പർ 64/1-പ്പെട്ട 3.5 ഏക്കർ സ്വകാര്യ ഭൂമി നെഗോഷ്യബിൾ/ഡയറക്ട് പർച്ചേയ്സ് മുഖാന്തിരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയുമാണ്.

സെക്ഷൻ ഓഫീസർ